# സൗന്ദര്യമത്സരം : 'ചന്ദ്രിക' ഖേദം പ്രകടിപ്പിക്കുന്നു

പ്രത്യക്ഷ സമരങ്ങളേയും എതിർപ്പുകളേയും അതിജീവിച്ച് തൃശ്ശൂരിൽ കഴിഞ്ഞമാസം സൗന്ദര്യമത്സരം അരങ്ങേറിയെങ്കിലും അതിനെതിരെ നടന്ന അടിസ്ഥാന പ്രതിരോധ പ്രവർത്തനങ്ങൾ വിജയം കണ്ടതായി സൂചനകൾ. സൗന്ദര്യമത്സരം സ്പോൺസർ ചെയ്യാൻ ഇടയായതിൽ ഖേദം രേഖപ്പെടുത്താൻ ചന്ദ്രിക സോപ്പ് നിർമ്മാതാക്കൾ തയ്യാറായിരിക്കുകയാണ്.

സൗന്ദര്യമത്സരം സ്പോൺസർ ചെയ്യുന്ന ചന്ദ്രികക്കെതിരെ ചില വ്യക്തികളും പ്രസ്ഥാനങ്ങളും നടത്തിയ കാർഡ് കാമ്പയിനിനോട് പ്രതികരിച്ചുകൊണ്ടാണ് ഖേദം രേഖപ്പെടുത്തിയിട്ടുള്ളത്. മോഡലുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ഒരു പരിപാടി സ്പോൺസർ ചെയ്യണമെന്ന് അഡ്വർടൈസിങ്ങ് ക്ലബ് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടപ്പോൾ മാനേജിങ്ങ് പാർട്ണർ സമ്മതിക്കുകയായിരുന്നുവെന്നും അതൊരു സൗന്ദര്യമത്സരമാണെന്ന് മനസ്സിലാക്കിയിരുന്നില്ല എന്നും കത്തയച്ചവർക്കുള്ള മറുപടിയിൽ ചന്ദ്രിക പറയുന്നു. മാനേജിങ്ങ് പാർട്ണർ വിദേശ പര്യടനത്തിനു പോയതിനാൽ, പിന്നീട് അബദ്ധം മനസ്സിലാക്കിയപ്പോൾ സ്പോൺസർഷിപ്പ് റദ്ദാക്കാൻ കഴിയാതെ വന്നതായാണ് വിശദീകരണം. ഇങ്ങനെ സംഭവിച്ചതിൽ ഖേദമുണ്ടെന്നും "ചന്ദ്രിക"യെ തെറ്റിദ്ധരിക്കരുതെന്നും മറുപടി കത്തിൽ പറയുന്നു.

ചന്ദ്രിക സോപ്പിന്റെ പരസ്യങ്ങളിലെ മോഡലായി മുൻകാലസൗന്ദര്യമത്സരവിജയിയെ ഉപയോഗിക്കുന്നതിനാലും പരിപാടിയെക്കുറിച്ച് പൂർണ്ണമായി അറിയാതെ സ്പോൺസർഷിപ്പിന് കമ്പനികൾ തയ്യാറാകാനിടയില്ല എന്നതിനാലും ഈ മനംമാറ്റം പൂർണ്ണമായും ദഹിക്കാവുന്നതല്ല. എന്നാൽ ജനകീയ പ്രതിരോധ പ്രവർത്തനങ്ങളുടെ വിജയമായി കണക്കിലെടുക്കുമ്പോൾ ഈ പ്രതികരണം ശ്രദ്ധേയമാകുന്നു. മാധ്യമശ്രദ്ധയോ അംഗീകാരമോ ലഭിക്കാതെ പോയ പ്രതിഷേധരൂപമായിരുന്നല്ലോ ഈ കാർഡ് കാമ്പയിൻ.